## പതിമൂന്നാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 2488

11.10..2011 ൽ
മറുപടിയ്ക്ക്

### തൃക്കരിപ്പൂർ തീരദേശ പോലീസ് സ്റ്റേഷന് സ്ഥലം

ചോദ്യം

ശ്രീ.കെ.കുഞ്ഞിരാമൻ

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(റവന്യൂ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | തൃക്കരിപ്പൂരിൽ അനുവദിച്ച തീരദേശ പോലീസ് സ്റ്റേഷന് ആവശ്യമായ സ്ഥലം ലഭ്യമാകാത്ത വിവരം റവന്യൂ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഹോസ്ദുർഗ് താലൂക്കിൽ ഉദിനൂർ വില്ലേജിൽ തീരദേശ പോലീസ് സ്റ്റേഷന് കണ്ടെത്തിയ റീ സർവ്വെ 221/1എ1 ൽപ്പെട്ട 25 സെന്റ് സ്ഥലം പുഴ പുറമ്പോക്ക് ഭൂമിയാണ്. ടി സ്ഥലത്തിന്റെ അവകാശം സംബന്ധിച്ചും ലീസ് അനുവദിക്കുന്നത് സംബന്ധിച്ചും തൃക്കരിപ്പൂർ ഗ്രാമപഞ്ചായത്തും പടന്ന ഗ്രാമ പഞ്ചായത്തും തമ്മിൽ അവകാശ തർക്കം നിലനിൽക്കുന്നുണ്ട്. കൂടാതെ ടി സ്ഥലം 18.8.2011 ലെ പടന്ന പഞ്ചായത്ത് ഭരണ സമിതിയുടെ യോഗതീരുമാന പ്രകാരം 2011-12 വർഷത്തേക്ക് ശ്രീ.ശശി, s/o അമ്പാടി എന്നവർക്ക് പാട്ടത്തിന് നൽകിയിരുന്നു. ആയത് പുനഃപരിശോധിച്ച് നടപടി പൂർത്തിയാക്കുന്നതിനു വേണ്ടി 14.10.2011 ന് ഹാജരാകുവാൻ കക്ഷിക്ക് നോട്ടീസ് നൽകിയിട്ടുണ്ട്. |
| ബി) | എങ്കിൽ സ്ഥലം എപ്പോൾ ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | ബി) | മേൽ നടപടി എത്രയും വേഗം പൂർത്തിയാക്കി സ്ഥലം തീരദേശ പോലീസ് സ്റ്റേഷന് വേണ്ടി കൈമാറുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ